# പള്ളികഥകൾ

## മിനികഥകൾ

## പതിനഞ്ച്

ജോയിക്കുട്ടി,

ജോസഫ് അച്ചൻ സാധാരണ അല്പം ചിരിക്കത്തക്ക കാര്യങ്ങ ളടങ്ങിയ തമാശ കാര്യങ്ങളാണ് പറയാറുള്ളത്. പ്രധാന ഉദ്ദേ ശം കേൾക്കുന്നവർ സ്വല്പമെങ്കിലും ചിരിക്കണമെന്നുള്ള ഉദ്ദേ ശമാണ് കണക്കിലെടുക്കുന്നത്. എന്നാൽ ഇപ്രാവശ്യം അങ്ങി നെയല്ല; വളരെ ചിന്തിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ ഫിലോസഫിക്കലായുള്ള കാര്യമാണ് പറഞ്ഞത്. കേൾക്ക ന്ന ആരും ചിന്തിക്കുകയും മനസ്സിലാക്കുയും ചെയ്യുന്ന കാര്യ മാണത്:

## കാരണക്കാരൻ

ഒരു ദിവസം അച്ചൻ ഭക്ഷണം കഴിച്ചു കൊണ്ടിരുന്നപ്പോൾ അവിചാരിതമായി നാക്ക് പല്ലിനിടയിൽ പോയി. അതും അ ണപല്ലിനിടയിൽ. പിന്നത്തെ അവസ്ഥയറിയാമല്ലോ. പല്ല് ശ രിക്കും പ്രവത്തിച്ചു. നാക്കിനാണേൽ ജീവൻ പോകുന്ന വേദ ന. അതു വല്ലതും വക വെയ്ക്കാതെ ജോസഫ് അച്ചൻ പിന്നേ യും ഭക്ഷണം വായിലേക്ക് ഇട്ടുകൊടുത്തു. വേദന സഹിക്ക വയ്യായെങ്കിലും വായിൽ വന്ന ഭക്ഷണത്തെ പിന്നെയും പ ല്ലിനടിയിലേക്ക് തള്ളി മാറ്റികൊണ്ടിരുന്ന പാവം നാക്ക്. രാ ത്രിയിൽ കിടന്ന് ഉറങ്ങിക്കഴിഞ്ഞപ്പോൾ ജോസഫ് അച്ചന്റെ അവയവങ്ങൾ തമ്മിലുള്ള സംസാരം അച്ചനു കേൾക്കാൻ സാധിച്ചു.

പാവം നാക്ക് കരഞ്ഞുകൊണ്ട് പല്ലിനോട് പറഞ്ഞു:

ദുഷ്ടനായ പല്ലേ, നീ എന്നോട് ഒട്ടും സഹകരിക്കുന്നില്ല. നി നക്ക് എന്നോട് ഒരല്പം പോലും സ്നേഹമില്ലല്ലോ.

അപ്പോൾ പല്ലു പറഞ്ഞ മറുപടി:

നന്ദിയില്ലാത്ത നാക്കേ, നീ ഇങ്ങിനെ നന്ദിയില്ലാത്ത വത്മാ നം പറയരുത്. നിന്നോട് സ്നേഹമില്ലായെന്ന് നീ എന്തു കൊ ണ്ടാണ് പറഞ്ഞത്?

ഇന്ന് നീ എന്നേ നല്ലവണ്ണം കടിച്ച്, ചവച്ചരച്ചു കളഞ്ഞില്ലേ?. ഞാൻ നിന്നോട് എന്തു ദ്രോഹമാണ് ചെയ്തത്.

പ്രിയപ്പെട്ട നാക്കേ, നിനക്കറിയാമല്ലോ, എനിക്ക് കണ്ണില്ല; കാ ഴ്ചയില്ല. ഈ പല്ലുകൾക്കിടയിൽ വരുന്ന എന്തിനേയും കടി ക്കുക; ചവച്ചരയ്ക്കുക ഇതാണ് എന്റെ ധമ്മം. നിനക്ക് സ്വല്പം ഭാഗ്യമുണ്ട്. സാധാരണ ഈ പല്ലുകൾക്കിടയിൽ വരുന്ന എ ന്തിനേയും ചവച്ചരയ്ക്കുക എന്നതാണ് എന്റെ ധമ്മം. ഭാഗ്യം കൊണ്ട് നീ രക്ഷപെട്ടു.

ഭാഗ്യം കൊണ്ടല്ല; ഞാൻ പെട്ടന്ന് നിന്റെ കാഠിന്യമേറിയ ഇ ത്രയും മൂച്ചയുള്ള പല്ലുകൾക്കിടയിൽ നിന്ന് പെട്ടന്ന് മാറി. ഞാൻ മാറി നിന്ന് അതികഠിനമായി കരഞ്ഞു കൊണ്ടിരിക്ക കയായിരുന്നു. നീ ഇത്രയും ദുഷ്ടനാണല്ലൊ.

നീ എന്തിനാണ് ഈ രണ്ടു പല്ലുകൾക്കിടയിൽ നിന്റെ മൃദുല മായ നാക്ക് കൊണ്ടു വെച്ചത്.

നീ എന്നെ കടിച്ച് അതിഭയങ്കരമായി വേദനപ്പിച്ചതും പോരാ ഇപ്പോൾ എന്റെ മേൽ കുറ്റം കൂടെ ചുമത്തുകയാണോ?

ഞാൻ പറഞ്ഞല്ലോ എന്റെ ദൌത്യം. ഈ പല്ലുകൾക്കിടയിൽ വരുന്നതെന്തും ചവച്ചരയ്ക്കുക എന്നതാണല്ലോ എന്റെ ജോലി അപ്പോൾ നീ രക്ഷപെട്ടത് തീച്ചയായും ഭാഗ്യം തന്നെയാണ്.

ഉവ്വ്വ. ഞാൻ പിന്നേയും ക്ഷമിച്ചു. പിന്നേയും പിന്നേയും വ ന്ന ഭക്ഷണമെല്ലാം നിന്റെ ഇടയിലേക്ക് തള്ളി ഇട്ടു തന്നു.

അല്ലാതെ നീ എന്തു ചെയ്യാനാ. അതല്ലേ നിന്റെ ജോലി.

ഉവ്വ്വ. എനിക്കു വേണമെങ്കിൽ തുപ്പി കളയാമായിരുന്നു. നീ പറയുന്നതുപോലെ, നിന്നേ പോലെ വെറും ചവയ്ക്കുക എന്ന തു മാത്രമല്ല എന്റെ ജോലി. സംസാരിക്കുന്നതും ഞാനാണെ ന്ന് നിനക്കറിയാമോ?

അപ്പോൾ നിനക്ക് അതിന്റെ അഹങ്കാരം ഉണ്ട്. ചുമ്മാതല്ല നീ കടി കൊണ്ടത്.

അതു നീ പറഞ്ഞതിൽ സ്വല്പം സത്യമില്ലാതില്ല; ഈ ഞാൻ എന്ന നാക്കാണ് എല്ലാ മനുഷ്യന്റേയും ശത്രുവും മിത്രവും.

അതെന്താ നീ അങ്ങിനെ പറയുന്നത്?

ഈ നാക്കെന്ന അവയവം കൊണ്ട് ഈ മനുഷ്യനെ ആളുകൾ ഉപദ്രവിക്കാനും ഉപകരിക്കുവാനുമുള്ള വാക്കുകൾ പുറപ്പെടു വിക്കും. നല്ല വാക്കുകൾ മൂലം ആളുകൾ തമ്മിൽ തമ്മിൽ സ്നേഹിക്കും; അതേ സമയം മോശമായ വാക്കുകൾ മൂലം ആ ളുകൾ തമ്മിൽ തമ്മിൽ കൊലപാതകം വെരെ ചെയ്യും.

അപ്പോൾ നിനക്ക് എപ്പോഴും നല്ല വാക്കുകൾ തന്നെ പറ ഞ്ഞാൽ എന്താ!

അതിന് ഞാനല്ല ഉത്തരവാദി. എന്റേയും മുകളിലിരിക്കുന്ന ത ലച്ചോറ് ആജ്ഞാപിക്കുന്നതുപോലെ എനിക്ക് ചെയ്യാൻ സാ ധിക്കൂ.

അപ്പോൾ ഇതെല്ലാം കേട്ടുകൊണ്ടിരുന്ന തലച്ചോറ് മറുപടി പ റഞ്ഞു.

നിങ്ങൾ ഈ ഓരോ അവയവവും കാണുന്നതിനും കേൾക്കു ന്നതിനുമെല്ലാം എന്നെ വെറുതെ കുറ്റപ്പെടുത്തുന്നതു ശരിയ ല്ലന്നറിയാമോ!

അപ്പോൾ നാക്ക് ചോദിച്ചത്:

തലച്ചോറല്ലാതെ പിന്നെ ആരാണ് കുറ്റക്കാരൻ?

തലച്ചോറ് മറുപടി പറഞ്ഞു:

ഈ മനുഷ്യൻ തന്നെ. അവന് വേണ്ടത്ര വിദ്യാഭ്യാസമില്ലാ ത്തതുകൊണ്ടോ, ദൈവാധീനം ഇല്ലാത്തതുകൊണ്ടോ ആ ണ് എങ്ങിനെ സംഭവിക്കുന്നത്.

അതെന്താണ് അങ്ങിനെ പറയുന്നത്? നാക്കും പല്ലും ഒരുമിച്ച് ചോദിച്ചു.

ഈ മനുഷ്യൻ ദൈവത്തെ വിളിക്കുകയോ, ആരാധന എന്തെ ങ്കിലും ചെയ്യുകയോ ചെയ്യുന്നില്ല. അങ്ങിനെയുള്ളവരുടെ നാ വിൽ നിന്ന് നല്ല വാക്കുകൾ വരാതിരിക്കാനായി ദൈവം എ ന്നോട് കല്പിച്ചിട്ടുണ്ട്.

അപ്പോൾ ദൈവമാണോ കുറ്റക്കാരൻ.

ദൈവമല്ല. മനുഷ്യൻ തന്നെ. മുക്കിനു മുക്കിനു പള്ളിയും അ മ്പലവും അതുപോലെ ആരാധനാസ്ഥലവും ധാരാളമുണ്ട്. അവിടേക്ക് ഈ മനുഷ്യനെ നമ്മുടെ ഈ ശരീരത്തിലെ കാല് കൊണ്ടുപോകാത്തതുകൊണ്ടാണന്ന് അറിയാമല്ലോ.

ഇതെല്ലാം കേട്ടുകൊണ്ടിരുന്ന കാലിന് സങ്കടവും ദേഷ്യവും വന്നു. എന്നെ പറ്റി ഈ ശരീരത്തിലെ ഒരൊറ്റ അവയവം പോ ലും ഇല്ലാ വചനം പറയുന്നത് എനിക്ക് തീരെ സഹിക്കാൻ പ റ്റുന്നതല്ല. ഈ മനുഷ്യരുടെ പാപപൂരിതമായ ഈ ശരീരത്തെ മുഴുവനും ഈ തലച്ചോറ് പറയുന്നിടത്തെല്ലാം താങ്ങി നട ത്തിക്കൊണ്ടു പോകുന്ന എന്നോടു തന്നെ ഈ നന്ദികെട്ട വ ത്മാനം പറയണം. ഞാൻ ഒരു മനുഷ്യനും ദോഷമായിട്ടൊ ന്നും ഇതുവരെ ഈ ഭൂമിയിൽ ചെയ്തിട്ടില്ലന്നറിയാമല്ലോ. ഈ ശരീരത്തെ വഹിച്ചു കൊണ്ട് എത്ര നേരം വേണമെങ്കിലും നി ൽക്കാറില്ലേ!

അപ്പോൾ മറ്റവയവങ്ങൾ എല്ലാം കൂടെ പറഞ്ഞത്: നമ്മൾക്കെ ല്ലാവക്കും കൂടി ഒരു ദിവസം പണി മുടക്കിയാലോ ഹത്താൽ ആചരിച്ചാലോ എന്താ! ഒരു ദിവസം നമ്മൾ എല്ലാം നിശ്ചല രാകും; ദൈവം തീരുമാനിക്കുമ്പോൾ. അപ്പോൾ ദൈവമാണ് ഇതിനെല്ലാം കാരണക്കാരൻ അല്ലേ?